**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 590** **30-01-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. യിലെ ബിസിനസ് ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനുള്ള ശാസ്ത്രീയ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. യിൽ ബിസിനസ് ലക്ഷ്യം പൂർത്തിയാക്കുന്നതിലേക്കായി ഹെഡ് ഓഫീസ്, റീജണൽ ഓഫീസ് തലത്തിലെ ഉദ്യോഗസ്ഥരിൽ നിന്നും ബ്രാഞ്ചുകളിൽ ജോലി ചെയ്യുന്ന മാനേജർമാരുടെയും മറ്റു ജീവനക്കാരുടെയും മേൽ അനാവശ്യമായ പീഡനങ്ങളും ഭീഷണികളും ഉണ്ടാകുന്നതിന്റെ ഫലമായി പ്രസ്തുത ജീവനക്കാരുടെ ഇടയിൽ ആത്മഹത്യകൾ പെരുകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ വാർഷിക ബിസിനസ് ലക്ഷ്യം പൂർത്തിയാക്കുന്നതിലേക്കായി ഹെഡ് ഓഫീസ്, റീജണൽ ഓഫീസ് തലത്തിൽ നിന്നും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്നതും വാർഷിക ലക്ഷ്യം പൂർത്തീകരിക്കുന്നതിൽ വീഴ്ച വന്നതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് വർഷക്കാലയളവിൽ ഏതെല്ലാം ഉദ്യോഗസ്ഥർ ഏതൊക്കെ തരത്തിലുള്ള ശിക്ഷാനടപടികൾക്ക് വിധേയമായി എന്നതും വിശദമാക്കാമോ; | (ബി) | പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെയും, സാമൂഹ്യ മാധ്യമങ്ങളിലൂടെയും പരസ്യ പ്രചാരണങ്ങൾ നടത്തുക, ചിട്ടിയിൽ ചേരുന്ന വരിക്കാർക്ക് പ്രത്യേക സമ്മാന പദ്ധതികൾ നടപ്പാക്കുക, കെ.എസ്.എഫ്.ഇ.യുടെ തന്നെ 4000 ത്തോളം വരുന്ന ഏജന്റുമാരുടെ വിപുലമായ ശൃംഖല ഉപയോഗിച്ചു കൊണ്ട് ചിട്ടി ബിസിനസ്സ് ലക്ഷ്യം പൂർത്തിയാക്കുന്നതിനായി ശാഖകളെ സഹായിക്കുക എന്നീ പ്രവർത്തനങ്ങളാണ് കെ.എസ്.എഫ്.ഇ ഹെഡ് ഓഫീസ്, റീജണൽ ഓഫീസുകൾ തലങ്ങളിൽ നടത്തിവരുന്നത്.<br><br>സാധാരണയായി റീജിയണുകളും സ്ഥാപനം ഒട്ടാകെയും ബിസിനസ്സ് ലക്ഷ്യം പൂർത്തീകരിക്കുകയാണ് പതിവ്. അതിനാൽ ശിക്ഷാ നടപടികൾ ആവശ്യമായി വരാറില്ല. |
| (സി) | മേൽ സൂചിപ്പിച്ച ബ്രാഞ്ചുകളിലെ ബിസിനസിന്റെ ചുമതലകൾ പ്രസ്തുത കാലയളവിൽ വഹിച്ചിരുന്ന ഹെഡ്, റീജണൽ ഓഫീസുകളിലെ ഉദ്യോഗസ്ഥരിൽ ആരെയൊക്കെ വീഴ്ചയുടെ ഭാഗമായി ശിക്ഷാനടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട് എന്നതും ശിക്ഷാനടപടി | (സി) | പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെയും, സാമൂഹ്യ മാധ്യമങ്ങളിലൂടെയും പരസ്യ പ്രചാരണങ്ങൾ നടത്തുക, ചിട്ടിയിൽ ചേരുന്ന വരിക്കാർക്ക് പ്രത്യേക സമ്മാന പദ്ധതികൾ നടപ്പാക്കുക, കെ.എസ്.എഫ്.ഇ.യുടെ തന്നെ 4000 ത്തോളം വരുന്ന ഏജന്റുമാരുടെ വിപുലമായ ശൃംഖല |

| | | | |
|---|---|---|---|
| | സ്വീകരിച്ചില്ലെങ്കിൽ എന്തുകൊണ്ട് എന്നതും വിശദമാക്കാമോ; | | ഉപയോഗിച്ച കൊണ്ട് ചിട്ടി ബിസിനസ്സ് ലക്ഷ്യം പൂർത്തിയാക്കുന്നതിനായി ശാഖകളെ സഹായിക്കുക എന്നീ പ്രവർത്തനങ്ങളാണ് കെ.എസ്.എഫ്.ഇ ഹെഡ് ഓഫീസ്, റീജണൽ ഓഫീസുകൾ തലങ്ങളിൽ നടത്തിവരുന്നത്.<br><br>സാധാരണയായി റീജിയണുകളും സ്ഥാപനം ഒട്ടാകെയും ബിസിനസ്സ് ലക്ഷ്യം പൂർത്തീകരിക്കുകയാണ് പതിവ്. അതിനാൽ ശിക്ഷാ നടപടികൾ ആവശ്യമായി വരാറില്ല. |
| (ഡി) | കെ.എസ്.എഫ്.ഇ. യിൽ പ്രവർത്തിക്കുന്ന പ്രോപ്പർട്ടി വാല്യുവർമാരുമായും പാനൽ അഡ്വക്കേറ്റ് മാരുമായും ഏതൊക്കെ തരത്തിലുള്ള കരാറുകൾ നിലവിലുണ്ട് എന്നതും വസ്തു വില നിർണ്ണയത്തിലോ വസ്തു സ്വീകരിക്കുന്നതിലെ നിയമോപദേശത്തിലെയോ വീഴ്ചകൾ മൂലമോ കെ.എസ്.എഫ്.ഇ. യിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ പ്രോപ്പർട്ടി വാല്യുവർമാരിൽ നിന്നും പാനൽ അഡ്വക്കേറ്റ് മാരിൽ നിന്നും ഈടാക്കുന്ന തരത്തിലുള്ള കരാറുകൾ നിലവിലുണ്ടോ എന്നും ഇല്ലെങ്കിൽ വരുന്ന സാമ്പത്തിക വർഷം മുതൽ അത്തരത്തിലുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുമോ എന്നതും വിശദമാക്കാമോ; | (ഡി) | കെ.എസ്.എഫ്.ഇ. യിൽ പ്രവർത്തിക്കുന്ന പ്രോപ്പർട്ടി വാല്യുവർമാരുമായും പാനൽ അഡ്വക്കേറ്റ്മാരുമായും കരാറുകൾ ഒന്നുംതന്നെ നിലവിലില്ല. നിയമപരമായി യോഗ്യതകളുള്ള പ്രോപ്പർട്ടി വാല്യുവർമാരുടെയും പാനൽ അഡ്വക്കേറ്റ്മാരുടെയും സേവനമാണ് കെ.എസ്.എഫ്.ഇ. നിലവിൽ ഉപയോഗിക്കുന്നത്. അവർ തരുന്ന റിപ്പോർട്ടുകളിലെ വീഴ്ചകളിന്മേലുള്ള നഷ്ടം അവരിൽ നിന്നും ഈടാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. പൊതുവെ ഗൗരവമുള്ള വീഴ്ചകൾ ഉണ്ടായതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ വരുന്ന സാമ്പത്തിക വർഷത്തിൽ പ്രോപ്പർട്ടി വാല്യുവർമാരും പാനൽ അഡ്വക്കേറ്റ്മാരും തരുന്ന റിപ്പോർട്ടുകളിലെ വീഴ്ചകളിന്മേലുള്ള നഷ്ടം അവരിൽ നിന്നും ഈടാക്കുന്ന വ്യവസ്ഥ പ്രാബല്യത്തിൽ വരുത്തി കരാറിൽ ഏർപ്പെടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | സ്ഥിരമായി മോശമായ ബിസിനസ് പ്രവർത്തനങ്ങൾ നടത്തുന്ന ബ്രാഞ്ചുകളെ പ്രത്യേകമായി തരംതിരിച്ച് ആ ബ്രാഞ്ചുകളിലെ പ്രശ്നങ്ങൾ പഠിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന തരത്തിലുള്ള നടപടികൾ വരുന്ന വർഷങ്ങളിൽ സ്വീകരിക്കാമോയെന്ന് വിശദമാക്കാമോ; | (ഇ) | പല കാരണങ്ങളാൽ ശാഖകളുടെ പ്രവർത്തനം പ്രതീക്ഷിക്കുന്ന തരത്തിൽ ലക്ഷ്യം കാണാതെ വരുന്ന സാഹചര്യത്തിൽ അവയെക്കുറിച്ച് വിശദ മായി പഠിച്ച് ആവശ്യമെങ്കിൽ തൊട്ടടുത്തുള്ള ശാഖകളുമായി ലയിപ്പിക്കുന്നതിന്റെ സാധ്യതകൾ വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു. |
| (എഫ്) | ബ്രാഞ്ചുകളിലെ ബിസിനസ് ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനുള്ള ശാസ്ത്രീയ മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കാമോ; വരുന്ന സാമ്പത്തിക വർഷം മുതൽ കെ.എസ്.എഫ്.ഇ.യിൽ ജാമ്യം വയ്ക്കുന്ന വസ്തുവിന്റെ വില നിർണ്ണയത്തിന് ശാസ്ത്രീയവും ആധികാരികവുമായ വ്യവസ്ഥകളും ക്രമീകരണങ്ങളും നടപ്പിലാക്കുമോ എന്നത് വ്യക്തമാക്കാമോ? | (എഫ്) | ശാഖ തുടങ്ങിയ കാലയളവ്, ശാഖയുടെ ബിസിനസ്സ് സംബന്ധമായ സ്ഥിതി വിവര കണക്കുകൾ എന്നിങ്ങനെ വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ് ശാഖകളിലെ ബിസിനസ്സ് ലക്ഷ്യം നിലവിൽ നിശ്ചയിക്കുന്നത്. ഉദ്ദേശ ലക്ഷ്യങ്ങൾ പലപ്പോഴും പുതുക്കി നിശ്ചയിക്കുന്നതായി വരുന്നതുകൊണ്ടും മറ്റും ഇക്കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് പ്രായോഗികമല്ല. |

| | | | |
|---|---|---|---|
| | | | കെ.എസ്.എഫ്.ഇ. യിൽ ജാമ്യം വെയ്ക്കുന്ന വസ്തുവിന്റെ വില നിർണ്ണയത്തിന് റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച വില്ലേജ് ഓഫീസർ റാങ്കിന് മുകളിലുള്ളവർ, സർക്കാർ വകുപ്പുകളിൽ നിന്നും എഞ്ചിനീയർ റാങ്കിൽ വിരമിച്ച സിവിൽ എഞ്ചിനീയറിംഗ് ബിരുദമുള്ളവർ, സിവിൽ എഞ്ചിനീയറിംഗ് ബിരുദവും സർവ്വെ & ലാന്റ് വാല്യുവേഷൻ എന്നിവയിൽ പ്രത്യേക പരിജ്ഞാനമുള്ളവരുമായ ഉദ്യോഗസ്ഥർ ഒക്കെയാണ് വാല്യുവർമാരായി ഉൾപ്പെടുന്നത്. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചാണ് നിലവിൽ ജാമ്യ വസ്തുവിന്റെ വില നിർണ്ണയിക്കുന്നത്. |

സെക്ഷൻ ഓഫീസർ